# മുഖവുര:
# മത്തായി,
# "രാജകിയ സുവിശേഷം"

പഴയ നിയമത്തിൽ ഉൽപത്തി മുതൽ മലാഖി വരെ വരുവാനുള്ള രാജാവിനെയും ദൈവരാജ്യത്തെ കുറിച്ചുമാണ് മുന്നറിയിച്ചിരിക്കുന്നത് (ഉൽപ 3:15; 49:10; 2 ശമു 7:16; സങ്കീ 2:6–8; മലാ 3:1). രാജാവ്, മനുഷ്യനും രാജാവും ആയിരിക്കുമെന്ന് പ്രവാചകന്മാർ പ്രവചിച്ചിരുന്നു (യെശ. 7:14; 9:6, 7; ദാനി 7:13, 14). സെഫന്യാവ് പറയുന്നതനുസരിച്ച് അവൻ, "യിസ്രായേലിന്റെ രാജാവും ... കർത്താവും ആകുന്നു" (സെഫ 3:15). അവൻ "നീതിമാനും രക്ഷ നൽകുന്നവനുമാകുന്നു" അവസാനം അവൻ വരുമ്പോൾ ഭൂമിയിലെ എല്ലാ കുടുംബങ്ങളും അവനെ നമസ്ക്കരിക്കും (സെഖ. 9:9; 14:17). അവർ പ്രവചിക്കുന്നതെന്താണെന്ന് മനസിലാക്കുവാൻ ആ പ്രവാചകന്മാർക്ക് കഴിഞ്ഞിരുന്നില്ല എന്നാണ് പത്രൊസ് പറയുന്നത് (1 പത്രൊ 1:10, 11).

നാലു സുവിശേഷങ്ങളും വിവരിച്ചിരിക്കുന്നത് അവന്റെ സ്വഭാവത്തെ നാം പൂർണ്ണമായി തിരിച്ചറിയുവാനാണ്. പുതിയ നിയമ ഏർപ്പാടുകളിൽ, ആദ്യത്തെ സുവിശേഷവിവരണ എഴുത്താണ് മത്തായിയുടെ സുവിശേഷം എന്നാണ് പണ്ഡിതന്മാർ കണക്കാക്കിയിരിക്കുന്നത്.[1] എങ്ങനെയായാലും, അസംഖ്യം ആധുനിക പണ്ഡിതന്മാർ കരുതുന്നത് മർക്കൊസ് ആണ് ആദ്യം എഴുതിയത് എന്നാണ്.

മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ പുസ്തകങ്ങൾ ("സുവിശേഷ സംഗ്രഹം") പലതിലും സമാനതകൾ കാണാവുന്നതിനാൽ, അവയുടെ ഭാഷാനൈപുണ്യത്തെയും ക്രമത്തെയും ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നത്തെ സാധാരണ "സിനോപ്റ്റിക്ക് പ്രശ്നം" എന്നാണ് വിളിക്കപ്പെടുന്നത്. അതുകൊണ്ട്, ഭാഷാവിഷയകരമായ പാണ്ഡിത്യമുള്ളവർ കരുതുന്നത് മർക്കൊസ് ആണ് ആദ്യം എഴുതിയത് എന്നാണ്. മത്തായി, മർക്കൊസ്, ലൂക്കൊസ്, എന്നിവരുടെ പുസ്തകങ്ങൾ വായിച്ചതിന്റെ അടിസ്ഥാനത്തിലാണ് അവർ അങ്ങനെ എത്തിച്ചേർന്നത്. നാല് സുവിശേഷവും നമുക്ക് നൽകുവാൻ പരിശുദ്ധാത്മാവ് എങ്ങനെയാണ് മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നിവരെ ഉപയോഗിച്ചത് എന്നു കൃത്യമായി നമുക്ക് അറിയില്ല. ഒരുപക്ഷെ അവർ അന്യോന്യം ആശ്രയിച്ചിരിക്കാം; ഒരുപക്ഷെ അവർ പൊതുവായ വിഭവം ഉപയോഗിച്ചിരിക്കാം. ചിലപ്പോൾ രണ്ടും ഉപയോഗിച്ചിരിക്കാം. ഭാഷാവിഷയകരമായ പഠനം കൊണ്ടുമാത്രം, ഏതു സുവിശേഷം ആദ്യമെഴുതി എന്നു തീർച്ചയാക്കുക പ്രയാസമാണ്.[2]

ഒരർത്ഥത്തിൽ, ദൈവം നാല് സുവിശേഷങ്ങളല്ല നമുക്ക് നൽകിയിരിക്കുന്നത്; നാല് കാഴ്ച്ചപ്പാടുകളിൽകൂടെ ഒരു സുവിശേഷമാണ് നൽകിയിരിക്കുന്നത്. "സുവിശേഷം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ഇവാഞ്ചെലിയോൺ*) ആദ്യം ഉപയോഗിച്ചത്, സർവ്വജനത്തിനുമുണ്ടാകുവാനിരിക്കുന്ന സർവ്വലോകത്തിനുമുള്ള രക്ഷ, യേശുവിന്റെ ജനനത്താൽ സാധ്യമാകുമെന്ന് പുതിയനിയമത്തിൽ

അറിയിക്കുമ്പോഴായിരുന്നു.ക്രിസ്തുവിന്റെ ജീവിത വിവരണം നടത്തുന്ന മറ്റു മൂന്നു രേഖകളിൽനിന്നു വ്യത്യസ്തമായി മർക്കോസ് "സുവിശേഷം" എന്ന വാക്ക് ആരംഭവാചകത്തിൽ തന്നെ പറയുന്നു എന്ന പ്രത്യേകതയുണ്ട്.

നസറേത്തുകാരൻ യേശുവിനെ രാജാവായി എടുത്തുകാണിക്കുന്നതിനാൽ മത്തായിയുടേതിനെ നമുക്ക് "രാജകിയ സുവിശേഷം" എന്നു വിളിക്കാം. പുതിയനിയമത്തിൽ "രാജ്യം" (*ബാസിലേയ*) 162 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു.[3] മത്തായിയുടെ സുവിശേഷത്തിൽ മാത്രം, ആ വാക്ക് അമ്പത്തി-യഞ്ചു പ്രാവശ്യം, വിവിധ രൂപത്തിൽ ഉപയോഗിച്ചിരിക്കുന്നു! മത്തായിയുടെ സുവിശേഷത്തിലെ പ്രത്യേകതയുള്ള വാക്കാണ് "സ്വർഗരാജ്യം," അത് മുപ്പത്തി-രണ്ടു പ്രാവശ്യം കാണാം.[4] "ദൈവരാജ്യം" എന്ന വാക്ക് മറ്റു സുവിശേഷങ്ങളിൽ അടിക്കടി കാണാമെങ്കിലും, മത്തായിയുടെ സുവിശേഷത്തിൽ നാല് പ്രാവശ്യമേയുള്ളു. പുതിയനിയമത്തിൽ യേശുവിനെ "രാജാവായി" മുപ്പത്തി-രണ്ടു പ്രാവശ്യം പറഞ്ഞിരിക്കുന്നു, അവന്റെ വാഴ്ച്ചയെ കുറിച്ച് ചുരു (*കൂറിയോസ്*) ങ്ങിയത് ആറു പ്രാവശ്യം പറഞ്ഞിരിക്കുന്നു. അവനെ ഇടക്കിടെ "കർത്താവ്" എന്നും വിളിച്ചിരിക്കുന്നു - മത്തായിയുടെ സുവിശേഷത്തിൽ ഒരുപക്ഷെ മുപ്പത്തി-രണ്ടു പ്രാവശ്യം. സുവിശേഷ എഴുത്തുകാരിൽ മത്തായി മാത്രമാണ് "സഭ " (എക്ലേസിയ) എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് (16:18; 18:17), അതിന്റെ അർത്ഥം, "ഒരു സഭായോഗം," "ഒരു ഇടവക," "വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ സംഘം" എന്നാണ്. ആ വാക്ക് പ്രവൃത്തികളുടെ പുസ്തകത്തിലും, ലേഖനങ്ങളിലും വളരെയധികം കാണാം, പക്ഷെ "രാജ്യം" എന്ന വാക്ക് ആ പുസ്തകങ്ങളിൽ വിരളമായിട്ടേ ഉപയോഗിച്ചിട്ടുള്ളു.

ദൈവത്തെ പിതാവ് എന്നാണ് മത്തായിയിൽ പലപ്പോഴും ഉപയോഗിച്ചിരിക്കുന്നത്. യേശുവിനെ കുറിച്ച് "മനുഷ്യപുത്രൻ" എന്ന പ്രയോഗം ഏഴു പ്രാവശ്യം കാണാം. നാല് പ്രാസംഗികന്മാർ ഉപയോഗിച്ച പദവികളെ ആർ.ടി. ഫ്രാൻസ് പറയുന്നു:

> പൊതുവിൽ, ... യേശു ദൈവപുത്രനായി പറയുന്ന ഭാഷ, യേശു പറഞ്ഞതല്ല, പിന്നെയോ യേശുവിനെ കുറിച്ചു പറഞ്ഞിരിക്കുന്നതാണ്, അത് ദൈവം തന്നെ പറഞ്ഞതായും (3:17; 17:5), ദൈവശബ്ദത്തിൽ പിശാച് പറയുന്നതായും (4:3, 6), ഭൂതങ്ങൾ തങ്ങളുടെ അസാധാരണ ജ്ഞാനത്താൽ പറയുന്നതും (8:29), അല്ലെങ്കിൽ ശിഷ്യന്മാർ യേശുവിനെ കുറിച്ചുള്ള മനസിലാക്കൽ വർദ്ധിച്ചപ്പോൾ പറഞ്ഞതും (14:33; 16:16, 17).[5]

യേശുവിനിഷ്ടപ്പെട്ട സ്വ-പദവിയായി "മനുഷ്യപുത്രൻ" എന്ന പ്രയോഗം മത്തായിയുടെ പുസ്തകത്തിൽ മുപ്പത്തി-ഒന്നു പ്രാവശ്യം കാണാം. ഒരാളുടെ മനുഷ്യത്വത്തെ ഊന്നിക്കൊണ്ടാണ് പഴയനിയമത്തിൽ ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് (യെഹസ്ക്കേലിലേതുപോലെ), കൂടാതെ ദാനിയേൽ 7:13, 14-ൽ പുരാതന കാലം മുതലുള്ള രാജ്യം മനുഷ്യപുത്രനോടു സാദൃശനായവൻ മേഘത്തിൽ വന്നു പ്രാപിക്കുന്നതായി പ്രവചന ദർശനത്തിൽ പറയുന്നു.

## ലേഖകനും തലക്കെട്ടും

വിവരണ വേദഭാഗത്ത് ലേഖകന്റെ പേർ പ്രത്യേകമായി പറഞ്ഞിട്ടില്ല. എങ്ങനെയായാലും, രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് പുസ്തകത്തെ

"മത്തായി എഴുതിയ സുവിശേഷം" എന്ന് അറിയപ്പെടുവാൻ തുടങ്ങിയത്. മത്തായിയെ മുൻപ് തന്നെ ഒരു സുവിശേഷ എഴുത്തുകാരനായിട്ടാണ് അറിയപ്പെട്ടത് എന്ന് ഡൊണാൾഡ് ഏ. ഹാഗ്നെർ വിശ്വസിച്ചിരുന്നു:

> ലഭ്യമായ വിവരങ്ങളെല്ലാം വെച്ചു നോക്കിയാൽ, മത്തായി എഴുതിയ സുവിശേഷം നല്ല ഉദ്ദേശത്തിനുവേണ്ടിയല്ല എഴുതിയത് എന്നു വിശ്വസിക്കുവാൻ പ്രയാസമാണ്. അല്ലെങ്കിൽ മത്തായി, പ്രാരംഭ സഭയിലോ, അപ്പൊസ്തലന്മാർക്കിടയിലോ അവൻ മുഖ്യകഥാപാത്രമായി തീരുമായിരുന്നില്ല (സുവിശേഷത്തിനു പുറത്ത് ആ പേർ പറഞ്ഞിരിക്കുന്നത് പ്രവൃത്തികൾ 1:13-ൽ ഒരിക്കൽ മാത്രമാണ്).[6]

ഈ പുസ്തകത്തിന് മറ്റൊരു തലവാചകമോ എഴുത്തുകാരനോ ഉണ്ടായിരുന്നതിനു മതിയായ തെളിവുകളില്ല. ഇത് എഴുതിയത് "അൽഫായിയുടെ മകനും" അപ്പൊസ്തലനുമായിരുന്ന മത്തായി ആയിരുന്നു എന്നു വിശ്വസിക്കുവാൻ മതിയായ കാരണങ്ങളുണ്ട്താനും (9:9).

"ചുങ്കം പിരിക്കുന്ന സ്ഥാനത്തു" നിന്നു മത്തായിയെ യേശു വിളിക്കുമ്പോൾ, അവൻ ചുങ്കക്കാരനായിരുന്നു (ലൂക്കൊ. 5:27). അവൻ സുവിശേഷം എഴുതിയപ്പോൾ, തന്നെ "ലേവി" എന്നു വിളിച്ചില്ലെങ്കിലും, മർക്കൊസും ലൂക്കൊസും "ലേവി" എന്ന പേർ ഉപയോഗിച്ചിട്ടുണ്ട് (മർക്കൊ. 2:14, 15; ലൂക്കൊ. 5:27–29). ഈ പുസ്തകങ്ങളിലും, പ്രവൃത്തികളുടെ പുസ്തകത്തിലും അപ്പൊസ്തലന്മാരുടെ പേരുകൾ പറഞ്ഞപ്പോൾ "ലേവി" എന്നല്ല, "മത്തായി" എന്നാണ് പറഞ്ഞത് (മർക്കൊ. 3:18; ലൂക്കൊ. 6:15; പ്രവൃത്തി. 1:13).

മത്തായിയെ "ലേവി" എന്നും വിളിച്ചിരിക്കുന്നതുകൊണ്ട്, അവൻ ലേവ്യാഗോത്രക്കാരനായിരിക്കണമെന്നില്ല. അവന്റെ ആ പേർ മാത്രം എടുത്താൽ അത്തരം ഒരു തീർപ്പിലെത്തുവാൻ സാധ്യതയുണ്ട്. ലേവ്യർ അറിയപ്പെടുന്നവരായതുകൊണ്ടു, "ലേവി" എന്ന പേർ പൊതുവിൽ യെഹൂദന്മാർക്കിടയിൽ ബഹുമാനിക്കുന്ന പ്രചാരത്തിലിരുന്നതായിരുന്നു. ക്രിസ്തുവിന്റെ കാലത്ത് ലേവ്യാപൗരൊഹിത്യം അഴിമതിക്കാരായി തീർന്നതിനാൽ, മത്തായി പൗരൊഹിത്യം ഉപേക്ഷിച്ച് നിന്ദ്യമായ ചുങ്കം പിരിവിനായി പോയി എന്നു വിശ്വസിക്കുവാൻ പ്രയാസമാണ്.

മത്തായിയുടെ മുൻപിലത്തെ ജോലിയായിരുന്ന ചുങ്കം പിരിവും കണക്കെഴുത്തും സുവിശേഷം എഴുതുവാനുള്ള അവന്റെ കഴിവിനെ വ്യക്തമാക്കുന്നു. കഫർന്നഹൂമിൽനിന്നുള്ള മത്തായിയെ പോലെയുള്ള ഒരാൾക്ക് അരാമ്യയും, ഗ്രീക്കും ഉപയോഗിക്കുവാനുള്ള പാടവം രേഖകൾ തയ്യാറാക്കുവാൻ സഹായിച്ചിരിക്കാം. അവൻ യേശുവിന്റെ ഉപദേശങ്ങളും ശുശ്രൂഷയും സംബന്ധിച്ച വിവരണങ്ങൾ രേഖപ്പെടുത്തി എന്നു സംശയരഹിതമായി പറയാം.[7] യേശുവിന്റെ ശിഷ്യന്മാരുടെ സംഘത്തിലെ "രേഖകൾ" എഴുതുന്നവനായിരുന്നു മത്തായി എന്നു ചിലർ കരുതിയിട്ടുണ്ട്.[8]

### വേദഭാഗം

മത്തായിയുടെ സുവിശേഷത്തെ പലപ്പോഴും "എബ്രായ സുവിശേഷം" എന്നു വിളിച്ചിരുന്നു. മത്തായിയുടെ സുവിശേഷം ആദ്യം എബ്രായ/അരാമ്യ ഭാഷയിൽ യഹൂദന്മാർക്കു വേണ്ടി എഴുതുകയും പിന്നെ അത് ഗ്രീക്കിലേക്ക്

തർജിമ ചെയ്യുകയും ചെയ്തതാണെന്ന് ആദ്യ സഭാ എഴുത്തുകാർ അഭിപ്രായപ്പെട്ടിരുന്നു. യൂസേബിയസിന്റെ എഴുത്തിൽ, പാപിയസ് പറഞ്ഞത്, "മത്തായി അരുളപ്പാടുകൾ എഴുതിയത് എബ്രായ ഭാഷയിലാണ് എന്നത്രെ." "മത്തായിയുടെ സുവിശേഷം യെഹൂദ പരിവർത്തകർക്കായി തയ്യാറാക്കിയത് എന്നാണ് ഒറിജെൻ പറഞ്ഞത്."[9] യൂസേബിയസ് പിന്നെയും പറഞ്ഞു, പന്റേനസ് ഓഫ് അലക്സാഡ്രിയ (ഏതാണ്ട് ഏ. ഡി. 170), മത്തായി എഴുതിയ സുവിശേഷത്തിന്റെ ഒരു എബ്രായ പകർപ്പ് ബർത്തലോമിയ ഇന്ത്യയിൽ വെച്ചു കണ്ടു എന്നു പറഞ്ഞിരിക്കുന്നു.[10] "പത്രൊസും പൗലൊസും റോമിൽ പ്രസംഗിച്ച് സഭയ്ക്ക് അടിസ്ഥാനമിട്ടുകൊണ്ടിരുന്നപ്പോൾ, മത്തായി എഴുതിയ സുവിശേഷത്തിന്റെ കോപ്പികൾ വിതരണം ചെയ്തുകൊണ്ടിരുന്നു"[11] എന്ന് ഐറേനിയസ് പറഞ്ഞിരിക്കുന്നു. മത്തായി തന്റെ സുവിശേഷ പുസ്തകം യഹൂദ്യയിൽ വെച്ചാണ് എബ്രായ ഭാഷയിൽ എഴുതിയതെന്ന് ജെറോമിന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.[12]

മത്തായി എഴുതിയ സുവിശേഷം ആദ്യം എബ്രായ/അരാമ്യ ഭാഷയിലാണ് എഴുതിയതെന്ന കാഴ്ച്ചപ്പാട് നിരീക്ഷിക്കുമ്പോൾ പല ബുദ്ധിമുട്ടുകളും കാണാം. ഒന്നാമത്, ക്രിസ്തീയ സാഹിത്യങ്ങളിലൊന്നും മത്തായി എഴുതിയ എബ്രായ/അരാമ്യ എഴുത്തിലെ ഉദ്ധരണികളൊന്നും കാണുന്നില്ല. രണ്ടാമത്, മത്തായിയുടെ ഗ്രീക്കു പുസ്തകം ഉദ്ധരിച്ചിരിക്കുന്നത് സെപ്ത്വജിന്റിൽ (LXX) നിന്നായിരുന്നു, ആ വാദം മത്തായി ആദ്യം എബ്രായ/അരാമ്യ ഭാഷയിൽ എഴുതി എന്ന് പറയുന്നതു ശരിയല്ല എന്നു വരുന്നു. മൂന്നാമത്, ഗ്രീക്ക് വേദഭാഗത്തുപയോഗിച്ചിരിക്കുന്ന പല വാക്കുകളും സൂചിപ്പിക്കുന്നത് ഗ്രീക്കിൽ എഴുതി എന്നാണ് (6:16; 16:18; 21:41; 24:30).[13] നാലാമത്, ഗ്രീക്ക് വേദഭാഗം തർജിമയായി കാണുന്നുമില്ല. ലിയോൺ മോറിസ് ഈ വസ്തുത തിരിച്ചറിഞ്ഞിരിക്കുന്നു:

> ഒരു കടങ്കഥ ആവിഷ്ക്കരിച്ചിരിക്കുന്നു, നേരെ മറിച്ച്, മത്തായി യഹൂദ വർഗ എഴുത്തുകാരനായിരുന്നു എന്ന് പുരാതനത്വത്തിൽ മിക്കവാറും എല്ലാവരും സമ്മതിക്കുന്ന കാര്യമാണ്, എന്നാൽ, നമുക്ക് ഉള്ള സുവിശേഷം തർജിമയല്ല, ഗ്രീക്കിൽ എഴുതിയതാണ്. അതുകൊണ്ടായിരിക്കണം ഗ്രീക്ക് മത്തായിയുടെ സുവിശേഷം തർജിമയല്ല, ആരംഭത്തിൽ എബ്രായ ഭാഷയിൽനിന്നോ അരാമ്യ ഭാഷയിൽനിന്നോ എഴുതിയതാണെന്നും അത് ഒരു പരിശോധനാഗ്രന്ഥമാണെന്നും ചില പണ്ഡിതന്മാർ പറയുന്നത്.[14]

ജാക്ക് പി. ലൂയിസ് തീർച്ചയാക്കി,

> ... എബ്രായ മൂലഭാഷയിൽ ആദ്യ സഭാ പിതാക്കന്മാർ സംസാരിച്ചതിനു വിരോധമായി, അവർ തന്നെ വ്യക്തിപരമായി ഗ്രീക്ക് അറിയുകയും ഉപയോഗിക്കുകയും ചെയ്തത്, ഗ്രീക്ക് ബന്ധത്തെ ചോദ്യം ചെയ്യുന്നതും അതിന്റെ എബ്രായ ഉപയോഗത്തെ പുച്ഛിക്കുന്നതും ശരിയല്ല.[15]

സഭാ പിതാക്കന്മാർ അവകാശപ്പെടുന്ന വിധത്തിൽ മത്തായിയുടെ സുവിശേഷത്തിന്റെ എബ്രായ പതിപ്പ് ഉണ്ടോ എന്നതിനു ഭൗതിക തെളിവുകളില്ല. മത്തായിയുടെ പുസ്തകം ആരംഭത്തിൽ ഏതു ഭാഷയിൽ എഴുതിയാലും, യഹൂദന്മാർക്ക് അവരുടെ മശിഹാ പ്രത്യാശ യേശുവിൽ നിറവേറുന്നു എന്ന്

അവരെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു ഉദ്ദേശം. "പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതിനു നിവർത്തിയാകുവാൻ ഇതു സംഭവിച്ചു" എന്ന പ്രയോഗം മത്തായിയിൽ ഇടക്കിടെ കാണാം (21:4). അവൻ 65 പ്രാവശ്യം പഴയനിയമത്തിൽനിന്നും ഉദ്ധരിച്ചിട്ടുണ്ട്, ചിലപ്പോൾ എബ്രായ പഴയനിയമത്തിൽനിന്നും, അല്ലാത്തപ്പോൾ ഗ്രീക്ക് സെപ്ത്വജിന്റിൽനിന്നും."[16] ആ ഉദ്ധരണികൾ എബ്രായ ബൈബിളിന്റെ ഓരോ വിഭജനത്തിൽനിന്നും എടുത്തിരിക്കുന്നു, അതിൽ "മോശെയുടെ ന്യായപ്രമാണവും, പ്രവാചകന്മാരും, സങ്കീർത്തനങ്ങളും ഉൾപ്പെടുന്നു" (ലൂക്കൊ. 24:44).

പഴയനിയമ വാക്യങ്ങൾ മത്തായിയിൽ വിവിധ രീതിയിൽ ഉപയോഗിച്ചിരിക്കുകയാണ്. ചിലതു ക്രിസ്തുവിൽ മാത്രം നിറവേറുന്ന നേരിട്ടുള്ള പ്രവചനങ്ങളാണ്. മറ്റുള്ളവ പ്രവചനങ്ങളുടെ ഇരട്ട നിറവേറലുകളാണ്, ഭാഗികമായി പ്രവാചകന്റെ കാലത്തും ബാക്കിയുള്ളത് ക്രിസ്തുവിന്റെ കാലത്തും മഹത്തായി നിറവേറുന്നതുമായിരുന്നു. കൂടാതെ ചില വാക്യങ്ങൾ ഉപയോഗിച്ചിരിക്കുന്നത് സൂചകോപദേശമായിട്ടാണ്. ഫ്റാൻസ് പറയുന്നത് നിഴൽ/പൊരുൾ എന്ന രീതിയിൽ ആളുകൾ, സംഭവങ്ങൾ, സ്ഥാപനങ്ങൾ എന്നിവ പഴയനിയമത്തിൽനിന്നും പറയുന്നവയെ എടുത്തുകാണിക്കുകയല്ല," അത് പുതിയനിയമത്തിലേക്ക് നേരിട്ടുകൊടുത്തിരിക്കുന്നു എന്നു മാത്രം.[17]

ക്രിസ്തുവിന്റെ വംശാവലി എടുത്തു പറഞ്ഞുകൊണ്ടാണ് മത്തായിയുടെ സുവിശേഷം ആരംഭിക്കുന്നത് (1:1–17). അവന്റെ കുടുംബാവലിയെ കുറിച്ച് ജാതികൾക്ക് വലിയ താൽപര്യമൊന്നില്ല, എന്നാൽ യെഹൂദന്മാർ അതു ഗൗരവത്തോടെയാണ് കാണുന്നത്. യേശു ദാവീദിന്റെ പുത്രനാണെന്ന് അവകാശപ്പെട്ടത്, അവൻ ദാവീദിന്റെ സിംഹാസനത്തിന് അവകാശിയാണ് എന്നതെല്ലാം ലേഖകൻ അവർക്ക് ബോധ്യപ്പെടുത്തേണ്ടതായിരുന്നു.

### സംഘടന

അടിസ്ഥാനപരമായും, വ്യസ്ഥാപിതപരമായും, സംഘടിതവും മനോഹരവുമായിട്ടാണ് മത്തായി ക്രിസ്തുവിന്റെ ജീവിതത്തെ അവതരിപ്പിക്കുന്നത്. പുസ്തകത്തെ നമുക്ക് പതിനൊന്നു ഭാഗങ്ങളായി തിരിക്കാം. ആറു ഭാഗങ്ങളിൽ മുഖ്യമായും യേശുവിന്റെ പ്രവൃത്തികളെ കുറിച്ചു പ്രതിപാദിക്കുന്നതാണ്,[18] അഞ്ചു ഭാഗങ്ങൾ യേശുവിന്റെ ഉപദേശങ്ങളെ വിവരിക്കുന്നതുമാണ്:

| പ്രതിപാദിക്കൽ | ഉപദേശ രൂപം |
|---|---|
| 1:1–4:25 | 5:1–7:27 |
| 8:1–9:38 | 10:1–42 |
| 11:2–12:50 | 13:1–52 |
| 13:54 – 17:27 | 18:1–35 |
| 19:2–22:46 | 23:1–25:46 |
| 26:2–28:20 | |

മാറുന്ന പ്രസ്താവനയുമായിട്ടാണ് ഓരോ ഉപദേശ ഭാഗവും അവസാനിക്കുന്നത്, ഉദാഹരണമായി, "ഈ വചനങ്ങളെ യേശു പറഞ്ഞു തീർന്നപ്പോൾ"

(7:28, 29; 11:1; 13:53; 19:1; 26:1).

## അത്ഭുതങ്ങൾ

യേശു ചെയ്ത പ്രത്യേകമായ ഇരുപതു അത്ഭുതങ്ങളെ മത്തായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരണത്തിൽ പ്രത്യേകതയുള്ളതാണ് അവയിൽ മൂന്നെണ്ണം: അന്ധന്മാരായിരുന്ന രണ്ടുപേർക്ക് കാഴ്ച്ച ലഭിച്ചു (9:27–31), ഭൂതബാധിതനായിരുന്ന മൂകനെ സൗഖ്യമാക്കി (9:32, 33), പത്രൊാസ് മൽസ്യത്തിന്റെ വായിൽനിന്നു കണ്ടെത്തിയ നാണയവും (17:24–27). വിവിധ ദീനങ്ങൾ ബാധിച്ചവരെ സൗഖ്യമാക്കുന്നവയാണ് മത്തായി രേഖപ്പെടുത്തിയിരിക്കുന്ന മറ്റു അത്ഭുതങ്ങൾ: പേർ പറയാത്ത ഒരു കുഷ്ഠരോഗി (8:2–4), ശതാധിപന്റെ ഭൃത്യൻ (8:5–13), പത്രൊസിന്റെ അമ്മായിയമ്മ (8:14, 15), ഗദനേരരുടെ ദേശത്തെ ഭൂതബാധിതൻ (8:28–34), ഒരു പക്ഷവാത രോഗി (9:2–8), രക്തസ്രവമുണ്ടായിരുന്ന സ്ത്രീ (9:20–22), കൈ വരണ്ട മനുഷ്യൻ (12:9–13), കനാന്യസ്ത്രീയുടെ മകൾ (15:21–28), ഭൂതബാധിതനായിരുന്ന ബാലൻ (17:14–21), യെരിഹോവിനടുത്തുള്ള രണ്ടു കുരുടന്മാർ (20:29–34). യേശു വേറെയും പല അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്: കൊടുങ്കാറ്റ് ശാന്തമാക്കി (8:23–27), യായിറോസിന്റെ മകളെ മരിച്ചവരിൽനിന്നുയർത്തെഴുന്നേൽപിച്ചു (9:18–26), അയ്യായിരം പേരെ പോഷിപ്പിച്ചു (14:13–23), വെള്ളത്തിന്മേൽ നടന്നതും കാറ്റിനെ ശാന്തമാക്കിയതും (14:24–33), നാലായിരം പേരെ പോഷിപ്പിച്ചതും (15:32–38), അത്തിയെ ശപിച്ചതും (21:19–21). അവയെല്ലാം ചുരുക്കി ഈ വാക്കുകളിൽ പറഞ്ഞിരിക്കുന്നു “യേശു അവിടെ നിന്നു യാത്രയായി ഗലീലക്കടലിനരികെ ചെന്നു മലയിൽ കയറി അവിടെ ഇരുന്നു. വളരെ പുരുഷാരം മുടന്തർ, കുരുടർ, ഊമർ, കൂനർ മുതലായ പലരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു അവന്റെ കാൽക്കൽ വെച്ചു; അവൻ അവരെ സൗഖ്യമാക്കി. ഊമർ സംസാരിക്കുന്നതും, കൂനർ സൗഖ്യമാകുന്നതും, മുടന്തർ നടക്കുന്നതും, കുരുടർ കാണുന്നതും പുരുഷാരം കണ്ടിട്ട് ആശ്ചര്യപെട്ടു യിസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി” (15:29–31).

## ഉപദേശങ്ങളും ഉപമകളും

നന്നായി ഗ്രഹിക്കാവുന്ന യേശുവിന്റെ ഉപദേശങ്ങളധികവും മത്തായിയുടെ സുവിശേഷം നൽകുന്നു. പുസ്തകത്തിന്റെ 60 ശതമാനത്തോളം ചുരുങ്ങിയത് യേശുവിന്റെ ഉപദേശങ്ങളെ കേന്ദ്രീകരിക്കുന്നതാണ്. അഞ്ചു ഉപദേശ ഭാഗങ്ങളിലായി, നമ്മുടെ കർത്താവിന്റെ മുഖ്യ പ്രസംഗങ്ങൾ അതിൽ നൽകുന്നു:

1. മലമ്പ്രസംഗം (അദ്ധ്യാ. 5–7);
2. പന്തിരുവർക്ക് യേശു ചുമതല നൽകുന്നു (അദ്ധ്യാ. 10);
3. രാജ്യത്തിന്റെ ഉപമകൾ (അദ്ധ്യാ. 13);
4. രാജ്യത്തിലെ ജീവിതം (അദ്ധ്യാ. 18);
5. പരീശന്മാരെയും ശാസ്ത്രിമാരെയും യേശു കുറ്റപ്പെടുത്തി (അദ്ധ്യാ. 23), തുടർന്ന് അവന്റെ ഒലിവു മലയിലെ പ്രവചന പ്രസംഗം (അദ്ധ്യാ. 24; 25).[19]

മത്തായിയുടെ പ്രത്യേകതയാണ് മലപ്രസംഗം. അതേ പോയിന്റുകളുള്ള സമതല പ്രദേശത്തുള്ള ഒരു പ്രസംഗം ലൂക്കൊസ് രേഖപ്പെടുത്തിയിട്ടുണ്ട്, പക്ഷെ അത് അതേ പ്രസംഗം ആയിരിക്കുകയില്ല (ലൂക്കൊ. 6:17-49). ന്യായവിധിരംഗം വിവരിച്ചിരിക്കുന്ന ഏക സുവിശേഷ വിവരണം മത്തായിയുടേതാണ് (അദ്ധ്യാ. 13; 25).

ഉപമകളെ എങ്ങനെ തരംതിരിച്ചിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ, മത്തായി വിവരിക്കുന്ന പതിനാലിൽ പതിനൊന്ന് ഈ വിവരണത്തിൽ പ്രത്യേകതയുള്ളതാണ്. മറ്റു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപമകളാണ്, വിതെക്കുന്നവന്റെ ഉപമ (13:1-23), കടുകുമണിയുടേത് (13:31, 32), തോട്ടത്തിന്റേത് (21:33-41) മത്തായിയുടേതിൽ പ്രത്യേകതയുള്ളതാണ് കളയുടേത് (13:24-30, 36-43), ഒളിച്ചുവെച്ച നിധി (13:44), വലിയ വിലയുള്ള മുത്ത് (13:45, 46), വലയുടെ ഉപമ (13:47-50), വീട്ടുടയവന്റേത് (13:51, 52), കരുണയില്ലാത്ത ദാസന്റേത് (18:23-35), തോട്ടത്തിലെ വേലക്കാർ (20:1-16), രണ്ടു പുത്രന്മാരുടേത് (21:28-32), രാജാവിന്റെ പുത്രന്റെ കല്ല്യാണത്തിന്റേത് (22:2-14), പത്തു കന്യകമാരുടേത് (25:1-13), താലന്തുകളുടേത് (25:14-30).

## സ്ഥലവും തീയ്യതിയും

ഒന്നാം നൂറ്റാണ്ടിന്റെ അവസാന കാലയളവിലും രണ്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിലും, എഴുതപ്പെട്ട ക്രിസ്തീയ രേഖകളിൽ മത്തായിയുടെ സുവിശേഷത്തിൽനിന്നു ഉദ്ധരിക്കുകയോ പറയുകയോ ചെയ്തിരിക്കുന്നത് ശക്തമായി തെളിയിക്കുന്നത് ഈ സുവിശേഷം ഒന്നാം നൂറ്റാണ്ടിൽ എഴുതി എന്നാണ്.[20] എന്നാൽ തെളിവില്ലാത്ത ഉറപ്പിച്ചു പറയലല്ല എന്നു വ്യക്തം, മത്തായി എഴുതിയത്, ഏ. ഡി. 70 ലെ യെരുശലേമിന്റേയും ദേവാലയത്തിന്റേയും വീഴ്ച്ചക്കു മുൻപായിരുന്നു എന്നു വിശ്വസിക്കുവാൻ ന്യായമായ കാരണങ്ങളുണ്ട്. മത്തായി എഴുതിയപ്പോൾ, അവ രണ്ടും സ്പഷ്ടമായും നിലവിലുണ്ടായിരുന്നു (24:2, 15-28). കൂടാതെ, ഈ വീക്ഷണത്തെ പിന്താങ്ങുന്നതാണ് മത്തായി 24 ഉം യെരുശലേം നാശവും തമ്മിലുള്ള ബന്ധവും. “പർവ്വതങ്ങളിലേക്ക് ഓടിപ്പോകുവിൻ,” “ഓടിപ്പോക്ക് ശൈത്യകാലത്തിലും, ശബ്ബത്തിലും സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ” എന്ന യേശുവിന്റെ പ്രബോധനം മത്തായിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു, പട്ടണം നശിച്ച ശേഷമാണെങ്കിൽ ആവശ്യമില്ലാത്തതാണ് (24:16, 20). യെരുശലേം വീണുകഴിഞ്ഞിരുന്നുവെങ്കിൽ, തീർച്ചയായും മത്തായി അതു രേഖപ്പെടുത്തുമായിരുന്നു.

പത്രൊസും പൗലൊസും റോമിൽ പ്രസംഗിച്ചുകൊണ്ടിരിക്കുമ്പാഴായിരുന്നു മത്തായിയുടെ സുവിശേഷം എഴുതിയത് എന്ന് ഐറേനിയസ് പറഞ്ഞിരിക്കുന്നു.[21] അവന്റെ പ്രസ്താവന വിലയുള്ളതാണെങ്കിൽ, അത് എഴുതപ്പെട്ടത് 60 കളുടെ ആരംഭത്തിലായിരുന്നു. എഴുതപ്പെട്ട തീയതി ഏ. ഡി. 42 നും 58 നും മദ്ധ്യേ ആയിരുന്നു എന്ന് ജെ. ഡബ്ലിയു. മെക്കാർവേ ഉറപ്പാക്കിയിരിക്കുന്നു. അതിന്റെ കാരണം അവൻ പറഞ്ഞിരിക്കുന്നത്, മത്തായിയാണ് ആദ്യം എഴുതിയതെങ്കിൽ, അതു ലൂക്കൊസ് എഴുതിയതിനു മുൻപായിരിക്കണം, അതിന്റെ തീയതി അവൻ കൊടുത്തിരിക്കുന്നത് പൗലൊസിന്റെ കൈസര്യയിലെ ഏ. ഡി. 58-60 ലെ തടവാണ്.[22]

താൻ പാലസ്തീൻ വിട്ട് മറ്റു സ്ഥലങ്ങളിൽ സുവിശേഷം അറിയിക്കുവാൻ തയ്യാറായിരുന്നതിനാൽ, പ്രസംഗിച്ചുകൊണ്ടിരുന്നതെല്ലാം മത്തായി യഹൂ

ദർക്കായി എബ്രായ ഭാഷയിലെഴുതി[23] എന്നു യൂസേബിയസ് പറഞ്ഞിരിക്കുന്നു. യേശുക്രിസ്തു സ്വർഗാരോഹണം ചെയ്തതിനുശേഷം, വർഷങ്ങളോളം മത്തായി പാലസ്തീനിൽ ശുശ്രൂഷിക്കുകയും, പിന്നീട് റോമാ സാമ്രാജ്യത്തിൽ ചിതറിപ്പോയ യഹൂദന്മാർക്കിടയിൽ മിഷ്ണറിപ്രവർത്തനം നടത്തുകയും ചെയ്തു എന്നാണ് പാരമ്പര്യം പറയുന്നത്. പാർസികൾക്കും (ആധുനിക ഇറാൻ), ഐത്യോപ്യ, സിറിയ, ഗ്രീസ് എന്നീ രാജ്യങ്ങളിലേക്കും അവന്റെ എഴുത്തുകൾ എത്തിച്ചിരുന്നതായും പാരമ്പര്യം പറയുന്നു.

എങ്ങനെയായാലും, സിറിയൻ അന്ത്യോക്യയിലേക്ക് മത്തായി എഴുതി എന്ന് ബി. എച്ച്. സ്ട്രീറ്റർ പറയുന്നതു വിസ്തൃതമായി അംഗീകരിക്കുന്നുണ്ടെങ്കിലും,[24] പാലസ്തീനു പുറത്തേക്ക് മത്തായി എഴുതി എന്നതിനു മതിയായ തെളിവുകളില്ല. മത്തായി എഴുതിയ തീയതിയെ സംബന്ധിച്ച് വില്യം ഹെൻഡ്രിക്ക്സൺ നല്ല ഒരു പ്രസ്താവന നൽകിയിരിക്കുന്നു:

> സ്ഥലവും എഴുതിയ *തീയതിയും* സംബന്ധിച്ച് അധികവും നിശ്ചയമില്ല. എബ്രായ പഴയനിയമത്തെ കുറിച്ചുള്ള മത്തായിയുടെ അറിവും, അവന് എബ്രായ ചുരുളുകൾ ലഭിക്കുവാനുള്ള വഴിയും വെച്ചു നോക്കുമ്പോൾ, പള്ളികളുടെ ഉപയോഗം വിച്ഛേദിച്ചപ്പോഴായിരിക്കാം, അവിടെ വെച്ചിരുന്ന ചുരുളുകൾ അപൂർണ്ണമായിരുന്നു. എഴുത്തുകൾ മിക്കവയും ആരംഭിച്ച *സ്ഥലം അല്ലെങ്കിൽ പൊതുവായി* പാലസ്തീനിൽ വെച്ചായിരുന്നു ... ഞാൻ കരുതുന്ന തീയതി എ. ഡി. 63-66 വിട്ടുപോകയില്ല എന്നാണ്. അതിനു അധികം മുൻപും ആയിരിക്കയില്ല, കാരണം, കാൽവരി കഴിഞ്ഞിട്ട് കാലം കുറെ ആയി എന്നാണ് 27:8 ഉം 28:15 ഉം അന്തർലീനമാക്കുന്നത്.[25]

**ഉദ്ദേശം**

"ഈ സുവിശേഷത്തിന്റെ ഉദ്ദേശം എന്ത്?" എന്ന ചോദ്യത്തിന് ഹെൻഡ്രിക്സൺ ഈ സംക്ഷിപ്തം നൽകുന്നു:

> 1. അന്ധകാരത്തിൽനിന്നു പ്രകാശത്തിലേക്കുള്ള മാറ്റം: *പരിവർത്തനം* ചെയ്ത ആ യഹൂദന്മാരിൽ അടിസ്ഥാനപരമായ ആത്മീയ മാറ്റം അനുഭവപ്പെട്ടില്ല. അവർക്കുള്ള വലിയ നേട്ടങ്ങളെയും ഉത്തരവാദിത്തങ്ങളെയും അവരെ ഓർപ്പിക്കേണ്ടത് ആവശ്യമായിരുന്നു, ദൈവത്തിന്റെ ക്ഷണത്തെ നിരസിച്ചാലുള്ള തീവ്രമായ അനന്തരഫലത്തെയും എടുത്തു കാണിക്കേണ്ടിയിരുന്നു (10:5 മുതൽ; 11:25-29; 23:37-39).
>
> 2. *രൂപാന്തരം*: ആ യഹൂദന്മാരിൽ (മിക്കവരിലും) പരിശുദ്ധാത്മാവിനാൽ തങ്ങളുടെ ജീവിതം ക്രിസ്തുവിൽ സമർപ്പിച്ചതിനാൽ, തുടർച്ചയായ പുതുക്കം ജീവിതത്തിൽ ആവശ്യമായിരുന്നു. അവർ എങ്ങനെ മറ്റുള്ളവർക്ക് അനുഗ്രഹമായി തീരണം എന്നു കാണിക്കുന്നതിനും സ്വർഗസ്ഥനായ പിതാവിനു മഹത്വം കൊടുക്കുന്നതുമായിരുന്നു അത് (4:19; 5:16, 43-48; 6:19 മുതൽ; 7:1 മുതൽ; 24-27; മുതലായവ).
>
> 3. ദൈവസത്യത്തിന്റെ ന്യായത്തിനെതിരായ എതിരാളികളുടെ *ആക്രമണം* (5:17 മുതൽ; 6:2 മുതൽ; അദ്ധ്യായം 12; 13:10 മുതൽ, 54-58; 15:1-20; 16:1-4; അദ്ധ്യായം 23; മുതലായവ.).

4. സകല ജാതികളോടും *സുവിശേഷം* അറിയിക്കൽ (8:5-13; 15:21-28; 28:16-20).[26]

## ഗുണഭോഗ്താക്കൾ

ഈ സുവിശേഷം ആർക്ക് എഴുതി എന്ന ചോദ്യത്തിന്റെ ഉത്തരം ഭാഗികമായി പുസ്തകത്തിന്റെ തലക്കെട്ടിൽ തന്നെ നൽകുന്നു. എങ്ങനെയായാലും ആ ചോദ്യം കൂടുതൽ മനസിലാകുന്ന വിധത്തിൽ നമുക്ക് നോക്കാം.

നസറേത്തുകാരനായ യേശു പഴയനിയമത്തിൽ മുന്നറിയിച്ച മശിഹയാണെന്ന് ബോധ്യപ്പെടുത്തുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യമെന്നതിനാൽ, ഒരു യഹൂദൻ യഹൂദ വായനക്കാർക്കായി എഴുതിയിരിക്കണം. യേശു തന്നെയാണ് ക്രിസ്തു എന്നു തെളിയിക്കുവാൻ, പഴയനിയമ പ്രവചനങ്ങൾ യേശുവിൽ നിറവേറിയത് മത്തായി എടുത്തുകാണിക്കുന്നു. യേശുവിന്റെ മശിഹാ യാഥാർത്ഥ്യം ചിത്രീകരിക്കുവാൻ, ഒരു പ്രയോഗം അല്ലെങ്കിൽ, അതിനു സമാനമായത് തുടർച്ചയായി ലേഖകൻ പ്രയോഗിച്ചിരിക്കുന്നു."യഹോവ പ്രവാചകൻ മുഖാന്തരം സംസാരിച്ചത് നിറവേറുവാൻ ഇതൊക്കെയും സംഭവിച്ചു" (1:22; 2:15, 17, 23; 3:3; 4:14; 8:17; 11:10, 13; 12:17; 13:14, 35; 15:7; 21:4, 42; 26:31, 56; 27:9).

അബ്രഹാം മുതൽ ദാവീദ് വരെയുള്ള ക്രിസ്തുവിന്റെ ബന്ധം വംശാവലിയിൽകൂടെ യഹൂദന്മാർക്ക് എടുത്തു കാണിക്കുക എന്നതായിരുന്നു മത്തായിയുടെ സുവിശേഷത്തിന്റെ പ്രാഥമികമായ ലക്ഷ്യം എന്നതാണ് മറ്റൊരു കാഴ്ച്ചപ്പാട് (1:1-17). വംശാവലി യഹൂദന്മാർക്ക് വളരെ പ്രധാനപ്പെട്ടതായിരുന്നുവെങ്കിൽ, ജാതികൾക്ക് അതിൽ വലിയ താൽപര്യമില്ലായിരുന്നു. ക്രിസ്തു ദൈവമായിരുന്നുവെങ്കിലും അത്ഭുത ഗർഭധാരണത്താൽ അവൻ ജഡമായി തീർന്നു. കന്യകാ മറിയാമിൽകൂടെ ജനിച്ചതിനാൽ അവൻ ഉത്തമ വംശാവലിയിൽകൂടെയാണ് വരുന്നത്. അവൻ "അബ്രഹാമിന്റെ സന്തതിയാകയാൽ," ഉടമ്പടിയുടെ സന്തതി" ആയി. കൂടാതെ അവൻ "ദാവീദിന്റെ സന്തതി" ആയതിനാൽ അവൻ യിസ്രായേലിന്റെ സിംഹാസനത്തിന് അവകാശിയുമായി സുവിശേഷത്തിൽ പിന്നീട് മശിഹാ പേരായ "ദാവീദിന്റെ സന്തതി" എന്നു വിളിച്ചിട്ടുണ്ട് (9:27; 12:23; 15:22; 20:30, 31; 21:9, 15; 22:42).

എബ്രായ/അരാമ്യ വാക്കുകൾ വിശദീകരിക്കാതിരുന്നത് കാണിക്കുന്നത് മത്തായിയുടെ വായനക്കാർ യഹൂദന്മാരായിരുന്നു എന്നാണ്. ഉദാഹരണത്തിന്, "യേശു" എന്നതിന്റെ എബ്രായ അർത്ഥം അവർക്ക് അറിയാമെന്ന് അവൻ വിചാരിച്ചു (1:21). ("കർത്താവ് രക്ഷിക്കുന്നു") എന്ന അർത്ഥം മത്തായി നൽകാതിരുന്നതിനാൽ, വാക്കുകൾ കൊണ്ടുള്ള പന്താടൽ ജാതികൾക്ക് നഷ്ടമാകുന്നു ("അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽനിന്നു രക്ഷിക്കും"). യഹൂദാചാരങ്ങൾ മത്തായി അവർക്ക് വിശദമാക്കേണ്ട ആവശ്യമില്ല. ഉദാഹരണത്തിന്, കഴുകൽ ചടങ്ങുകളെ സംബന്ധിച്ച് യഹൂദ സദസ്യർക്ക് പരിചയമുണ്ടായിരുന്നത് അവന് അറിയാമായിരുന്നു (15:2), എന്നാൽ മർക്കൊസ് തന്റെ ജാതികളായ സദസ്യർക്ക് അതു വിശദമാക്കി കൊടുക്കുന്നുണ്ട് (മർക്കൊ. 7:3, 4). യെഹൂദ സദസ്യർക്ക് പാലസ്തീൻ പരിചയമുണ്ടായിരുന്നതിനാൽ, ഭൂമിശാസ്ത്രപരമായ വിശദീകരണവും മത്തായി നൽകുന്നില്ല (24:3; മർക്കൊ. 13:3 നോക്കുക).

യേശു യഹൂദന്മാരുടെ രക്ഷയെ കുറിച്ചു കരുതി എന്നത് ഈ സുവിശേഷത്തിന്റെ യഹൂദസ്വഭാവത്തിന്റെ മറ്റൊരു തെളിവാണ് (10:5, 6; 15:24), ന്യ

ായപ്രമാണത്തോടുള്ള എഴുത്തുകാരന്റെ മനോഭാവവും (5:17–20), പരീശന്മാരോടും ശാസ്ത്രിമാരോടുമുള്ള മനോഭാവവും വ്യക്തമാക്കിയിരിക്കുന്നു. 23:2, 3-ൽ അവർ അധികാരമുള്ളവരായി പറഞ്ഞിരിക്കുന്നുവെങ്കിലും, അതേ അദ്ധ്യായത്തിൽ അവരുടെ കാപട്യത്തെ കുറ്റപ്പെടുത്തിയിരിക്കുന്നു (23:13–33).

മത്തായി പ്രാഥമികമായും യഹൂദന്മാർക്കാണ് എഴുതിയതെങ്കിലും, ജാതികളെ അവൻ ഒഴിവാക്കിയിരുന്നില്ല (2:1–12; 4:15, 16; 8:5–13; 10:18; 12:18, 21; 15:21–28; 24:14; 28:19). റോബർട്ട് എം.ഗ്രാന്റിന്റെ വാക്കുകളെടുത്താൽ, "സുവിശേഷം യഹൂദനു മാത്രമല്ല, ജാതികൾക്കുകൂടെയുള്ളതാണെന്ന് ക്രിസ്ത്യാനിയായിരുന്ന മത്തായിക്ക് അറിയാമായിരുന്നു, അല്ലെങ്കിൽ ആദ്യം യഹൂദനും പിന്നെ യവനനും" എന്നറിയാമായിരുന്നു (റോമ. 1:16).[27]

ക്രിസ്തീയ കാലത്തിലെ എല്ലാവർക്കുമായിട്ടാണ് മത്തായി തന്റെ സുവിശേഷവിവരണം എഴുതിയത് എന്നും പറയാം, കാരണം അവൻ സഭ എന്ന രാജ്യത്തിന്റെ കർത്താവും, മനുഷ്യപുത്രനും, മശിഹയുമാണെന്ന് അതിൽ പ്രഖ്യാപിച്ചിരിക്കുന്നു.

## ബാഹ്യരൂപരേഖ

മത്തായിയുടെ സുവിശേഷത്തെ കുറിച്ച് പല തരത്തിലുള്ള ബാഹ്യരൂപരേഖൾ രൂപപ്പെടുത്തിയിട്ടുണ്ട്, പുസ്തകത്തിന്റെ വിവിധ വശങ്ങളെ ആസ്പദമാക്കിയിട്ടുള്ളതാണ് അവയെല്ലാം. യേശുവിന്റെ യാത്രയുടെ കാലനിർണ്ണയത്തിനു ഊന്നൽ കൊടുത്തിട്ടുള്ളതാണ് താഴെ കൊടുത്തിരിക്കുന്ന രൂപരേഖ.[28]

I. മുഖവുര (1:1–4:11)
II. ഗലീലിയിലെ ശുശ്രൂഷ (4:12–13:58)
III. ഗലീലിക്കു ചുറ്റുമുള്ള ശുശ്രൂഷ (14:1–16:12)
IV. യെരുശലേമിലേക്കുള്ള യാത്ര (16:13–20:34)
V. യെരുശലേമിലെ ഏറ്റുമുട്ടൽ (21:1–25:46)
VI. ക്രൂശീകരണവും ഉയർത്തെഴുന്നേൽപും (26:1–28:20)

സംഘടനാപരമായ മാതൃകയിലുള്ള മറ്റൊരു രൂപരേഖ മുൻപ് പറഞ്ഞിട്ടുള്ളതാണ്, അതിൽ പതിനൊന്നു പോയിന്റാണുള്ളത്.[29]

I. യേശുവിനെ കുറിച്ചുള്ള മുഖവുര (1–4)
II. യേശു ആവശ്യപ്പെടുന്നത്: മലപ്രസംഗം (5–7)
III. യിസ്രായേലിനുള്ള യേശുവിന്റെ പ്രവൃത്തികൾ (8; 9)
IV. അപ്പൊസ്തലന്മാരോടുള്ള യേശുവിന്റെ ആജ്ഞ (10)
V. യിസ്രായേലിന്റെ യേശുവിനെ ത്യജീക്കൽ (11; 12)
VI. രാജ്യത്തെ കുറിച്ചുള്ള ഉപമകൾ യിസ്രായേലിന്റെ ത്യജിക്കൽ വെളിവാക്കുന്നു (13)
VII. ദൈവത്തിന്റെ പുതിയ ജനം: സഭ (14–17)
VIII. രാജ്യജീവിതം: അച്ചടക്കവും ക്ഷമാപണവും (18)
IX. അഭിനിവേശത്തിന്റെ ആരംഭം (19–22)
X. യെരുശലേമിന്റെ വിധിയും രണ്ടാം വരവും (23–25)

XI. ക്രൂശീകരണവും ഉയർത്തെഴുന്നേൽപും (26–28)

യേശുവിന്റെ ജീവിതത്തെയും രാജത്വത്തെയും ഊന്നൽ കൊടുത്തിരിക്കുന്നതാണ് ഈ കമെന്ററിയിലെ ബാഹ്യരൂപരേഖ:

I. യേശുക്രിസ്തു എന്ന രാജാവിന്റെ ജനനവും ആരംഭ ജീവിതവും (1:1–4:11)
II. രാജാവിന്റെ ശുശ്രൂഷയുടെ ആരംഭം (4:12–10:42)
III. രാജാവിന്റെ ശുശ്രൂഷയോടുള്ള പ്രതികരണം (11:1–12:50)
IV. രാജാവിന്റെ തുടർ ശുശ്രൂഷ (13:1–18:35)
V. ക്രൂശിലേക്കുള്ള രാജാവിന്റെ യാത്ര (19:1–25:46)
VI. രാജാവിന്റെ തടവും, വിചാരണയും, ക്രൂശിക്കലും (26:1–27:66)
VII. രാജാവിന്റെ ഉയർത്തെഴുന്നേൽപും ആജ്ഞയും (28:1–20)

---

കുറിപ്പുകൾ

[1]യൂസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.24.6–7; 3.39.16; 6.25.4–6; ഐറൈനിയസ് *എഗൻസ്റ്റ് ഹെരെസീസ്* 3.1.1. അഗസ്റ്റിൻ എഴുതി, "മർക്കൊസ് അടുത്തായി മത്തായിയെ പിൻപറ്റുന്നു, അവന്റെ സാന്നിധ്യം തെളിയിക്കുന്നത് ദൃഷ്ടാന്തരീകരിക്കുന്നവൻ ആയിട്ടാണ്" (*അഗസ്റ്റിൻ ഹാർമണി ഓഫ് ദ ഗോസ്പെൽസ്* 1.2.4). [2]മർക്കൊസിന്റെ മുൻഗണനകളെ നിലവാരത്തിൽ തന്നെ ബി. എച്ച്. സ്ട്രെസർ അവതരിപ്പിച്ചിരിക്കുന്നു, ദ ഫോർ ഗോസ്പെൽസ്: ഏ സ്റ്റഡി ഓഫ് ഒറിജിൻസ് (ലണൻ: മോറിസൺ ആന്റ് ജിബ്, 1924; റീപ്രിന്റ് ലണ്ടൻ: മാക്മില്ലൻ & കമ്പനി., 1953), 151–98. ഈ കാഴ്ച്ചപ്പാടിന്റെ വെല്ലുവിളികൾക്ക് നോക്കുക, വില്ല്യം. ആർ.ഫാർമെർ, ദ സിനോപ്റ്റിക് പ്രോബ്ലെം (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1964), മത്തായിയുടെ മുൻഗണനകളെ ഫാർമെർ വാദിച്ചിരുന്നു. കൂടാതെ നോക്കുക, റോബർട്ട് എച്ച്. സ്റ്റെയിൻ, "സിനോപ്റ്റിക് പ്രോബ്ലെം," ഇൻ ഡിക്ഷ്ണറി ഓഫ് ജീസസ് ആന്റ് ദ ഗോസ്പെൽസ്, എഡി. ജോയേൽ ബി. ഗ്രീൻ ആന്റ് സ്കോട്ട് മക്നൈറ്റ് (ഡൗണേഴ്സ് ഗ്രോ, Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 784–92. [3]വേറെ വിധത്തിൽ ചിന്തിച്ചില്ലെങ്കിൽ, ഗ്രീക്ക് വേദഭാഗത്തെ അടിസ്ഥാനമാക്കിയാണ് വാക്കുകളും പ്രയോഗങ്ങളും കണക്കു കൂട്ടുന്നതെങ്കിൽ ഉപോയഗിക്കുന്നത് എക്കൊഡൻസ്, 2003, ഓക്ട്രീ സോഫ്റ്റ്വെയർ. [4]ദൈവത്തെ സൂചിപ്പിച്ച് വളച്ചുകെട്ടി പറയുന്ന വാക്കാണ് "ഹെവൻ." [5]ആർ. ടി.ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു മാത്യു*, ദ ടിൻഡെയിൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 47. [6]ഡൊണാൾഡ് എ. ഹാഗ്നർ, മാത്യു 1–13, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യും. 33 ഏ (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1993), lxxvi. [7]ഇബിഡ്, 12. [8]ഫ്രാൻസ്, 33. [9]യൂസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.39.16; 6.25.4. [10]ഇബിഡ്., 5.10.3.

[11]ഐറേനിയസ് *എഗൻസ്റ്റ് ഹെരെസീസ്* 3.1.1. [12]ജെറോം *ലൈവ്സ് ഓഫ് ഇല്ലസ്ട്രിയസ് മെൻ* 3; *പ്രിഫേസ് ടു മാത്യു.* [13]ജാക്ക്. പി. ലൂയിസ്, *ദ ഗോസ്പെൽ എക്കോർഡിങ്ങ് ടു മാത്യു*, പാർട്ട് 1, ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ ടെക്സ്.സ്വീറ്റ് പബ്ലിഷിങ് കമ്പനി., 1976), 13. [14]ലിയോൺ മോറിസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, പില്ലർ കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം.

ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1992), 13. [15]ലൂയിസ്, 14. [16]ഹെന്റി ക്ലാരെൻസ്, തീയിസെൻ, *ഇൻട്രൊഡക്ഷൻ ടു ദ ന്യൂടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1943), 138. [17]ഫ്രാൻസ്, 40. [18]യേശുവിന്റെ ഉപദേശങ്ങൾ ചിലപ്പോൾ പ്രതിപാദ ഭാഗങ്ങളിലും ഉണ്ട്. [19]അദ്ധ്യായം 23 ലേയും 24 ലേയും പ്രസംഗങ്ങളിൽ ശക്തമായ ബന്ധം കാണാം. പരീശന്മാർക്ക് "അയ്യോ കഷ്ടം" (അദ്ധ്യാ. 23), യെരുശലേം നാശത്തിലും അതു കാണാം (അദ്ധ്യാ. 24). അവസാനം പരീശന്മാരോട്, യേശു പറഞ്ഞു, "നിങ്ങളുടെ ഭവനം ശൂന്യമായി തീരും" (23:38). [20]1 ക്ലമെന്റ് 13.2; 2 ക്ലമെന്റ് 3.2; 4.2; *ഡിഡാക്കേ* 1.2–5; 3.7; 7.1; 8.2; 9.5; 13.2; ഇഗ്നേഷിയസ് *സ്മിർനേനിയൻസ്* 1.1; *പോളികാർപ്* 2.2; *ബർണബാസ്* 4.14; 5.9; പോളികാർപ് *ഫിലിപ്പിയൻസ്* 2.3; 7.2.

[21]ഐറേനിയസ് *എഗൻസ്റ്റ് ഹെരെസീസ്* 3.1.1. [22]ജെഡബ്ലിയു. മെക്കാർവേ, *ദ ന്യൂടെസ്റ്റമെന്റ് കമെന്ററി, വാല്യം.* 1, *മാത്യു ആന്റ് മാർക്ക്* (എൻ.പി., 1875; റീപ്രിന്റ് ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., എൻ. ഡി.), 9–10. മെക്കാർവേയുടെ ലൂക്കൊസിന്റെ തീയതി ലൂക്കൊസിന്റെ സുവിശേഷത്തെ ആസ്പദമാക്കിയതാണ്-പ്രവൃത്തികൾ രണ്ട് വാല്യമുള്ള പുസ്തകമാണ് (ലൂക്കൊ. 1:1–4; പ്രവൃത്തി. 1:1, 2). റോമിൽ പൗലൊസ് ഏ. ഡി. 61–63-ൽ തടവിലായതു പറഞ്ഞുകൊണ്ട് അവസാനിക്കുന്നതിനാൽ (പ്രവൃത്തി. 28:30, 31), പ്രവൃത്തികൾ എഴുതുന്നതിനു മുൻപ് ലൂക്കൊസ് സുവിശേഷ പുസ്തകം എഴുതി തീർത്തു എന്നു കരുതുന്നു. [23]യുസേബിയസ് *എക്ലേസിയാസ്റ്റിക്കൽ ഹിസ്റ്ററി* 3.24.6. [24]സ്ട്രീറ്റർ, 502. [25]വില്യം ഹെൻഡ്രിക്സൺ, *ന്യൂ ടെസ്റ്റമെന്റ് കമെന്ററി: എക്സ്പൊസിഷൻ ഓഫ് ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 97. [26]ഇബിഡ്., 98. [27]റോബർട്ട് എം.ഗ്രാന്റ്, *ഏ ഹിസ്ടോറിക്കൽ ഇൻട്രൊഡക്ഷൻ ടു ദ ന്യൂ ടെസ്റ്റമെന്റ്* (ന്യൂയോർക്ക്: സൈമൺ സ്കസ്റ്റർ, 1972), 130. [28]അഡാപ്റ്റഡ് ഫ്രം ഫ്രാൻസ്, 58. [29]അഡാപ്റ്റഡ് ഫ്രം ഡെയിൽ സി. അലിസൺ, ജൂനിയർ, "മാത്യു: സ്ട്രക്ച്ചർ, ബയോഗ്രഫിക്കൽ ഇംപൾസ് ആന്റ് ദ *ഇമിറ്റേറ്റിയോ ക്രിസ്റ്റി*" ഇൻ *ദ ഫോർ ഗോസ്പെൽസ് 1992,* എഡി. എഫ്. വാൻ സെഗ്റോക്ക്, എറ്റ് അൽ. (ലൂവെൻ: ലൂവെൻ യൂണിവേഴ്സിറ്റി പ്രസ്, 1992), 1208.

## വിപുലീകരിച്ച ബാഹ്യരൂപരേഖ

I. യേശുക്രിസ്തു എന്ന രാജാവിന്റെ ജനനവും ജീവിതാരംഭവും (1:1–4:11)
  - ഏ. അദ്ധ്യായം 1: യേശുവിന്റെ ജനനം
    1. യേശുമശിഹായുടെ വംശാവലി (1:1–17)
    2. യോസേഫിനോടുള്ള അറിയിപ്പും കന്യകാജനനവും (1:18–25)
  - ബി. അദ്ധ്യായം 2: യേശുവിന്റെ ആദ്യ വർഷങ്ങൾ
    1. വിദ്വാന്മാരുടെ സന്ദർശനം (2:1–12)
       - ഏ. വിദ്വാന്മാർ യെരുശലേമിൽ എത്തുന്നു (2:1, 2)
       - ബി. ഹെരോദാവ് മതാദ്ധ്യക്ഷന്മാരെ വിളിപ്പിക്കുന്നു (2:3–6)
       - സി. ഹെരോദാവ് രഹസ്യമായി വിദ്വാന്മാരെ കാണുന്നു (2:7, 8)
       - ഡി. വിദ്വാന്മാർ ബേത്‌ലഹേമിൽ എത്തുന്നു (2:9–12)
    2. യേശുവിനെ സംരക്ഷിക്കൽ (2:13–23)
       - ഏ. മിസ്രിയിമിലേക്ക് ഓടിപോകൽ (2:13–15)

ബി. ഹെരോദാവിന്റെ ക്രോധം (2:16–18)
സി. നസറേത്തിലേക്കു മടങ്ങിവരുന്നു (2:19–23)

സി. അദ്ധ്യായം 3: യേശുവിന്റെ വരവിനു വേണ്ടിയുള്ള ഒരുക്കവും അവ ന്റെ സ്നാനവും

1. യേശുവിന്റെ മുന്നോടി (3:1–12)
2. യേശുവിന്റെ സ്നാനം (3:13–17)

ഡി. അദ്ധ്യായം: 4 ക്രിസ്തുവിന്റെ പരീക്ഷണങ്ങൾ (4:1–11)

II. രാജാവിന്റെ ശുശ്രൂഷയുടെ ആരംഭം (4:12–10:42)

ഏ. അദ്ധ്യായം 4 (തുടർച്ച): യേശുവിന്റെ ശുശ്രൂഷയുടെ മുഖവുര (4:12–25)

1. കഫർന്നഹൂമിൽ താമസിക്കുന്നു (4:12–17)
2. ആദ്യ ശിഷ്യന്മാരെ വിളിക്കുന്നു (4:18–22)
3. ഗലീലിയൻ ശുശ്രൂഷയുടെ ആരംഭം (4:23–25)

ബി. അദ്ധ്യായം 5: മലപ്രസംഗം, ഭാഗം, 1

1. മനോഗുണങ്ങൾ (5:1–12)
2. ഉപ്പും വെളിച്ചവും (5:13–16)
3. ന്യായപ്രമാണ നിറവേറൽ (5:17–20)
4. കോപവും കുലയും (5:21–26)
5. വ്യഭിചാരം (5:27–30)
6. ഉപേക്ഷണം (5:31, 32)
7. സത്യം ചൊല്ലൽ (5:33–37)
8. പ്രതികാരം (5:38–42)
9. ശത്രുക്കളെ സ്നേഹിക്കൽ (5:43–48)

സി. അദ്ധ്യായം 6: മലപ്രസംഗം, ഭാഗം 2

1. പൊതുവായ ഒരു മുന്നറിയിപ്പ് (6:1)
2. നൽകൽ (6:2–4)
3. പ്രാർത്ഥിക്കൽ (6:5–15)
4. ഉപവാസം (6:16–18)
5. നിക്ഷേപം സ്വരൂപിക്കൽ (6:19–21)
6. വ്യക്തമായ വീക്ഷണം (6:22, 23)
7. യജമാനന്മാരെ തിരഞ്ഞെടുക്കൽ (6:24)
8. വിചാരപ്പെടുന്നത് അതിജീവിക്കൽ (6:25–34)

ഡി. അദ്ധ്യായം 7: മലപ്രസംഗം, ഭാഗം 3

1. നീതിയുള്ള വിധി (7:1–6)
2. മടുത്തുകൂടാതെ പ്രാർത്ഥിക്കൽ (7:7–11)
3. സുവർണ്ണ നിയമം (7:12)
4. അവസാന പ്രബോധനം (7:13–27)

ഏ. രണ്ട് വ്യത്യസ്ത വഴികൾ (7:13, 14)
ബി. രണ്ട് തരത്തിലുള്ള വൃക്ഷങ്ങളും കള്ളപ്രവാചകന്മാരുടെ ഫലങ്ങളും (7:15–20)
സി. രണ്ട് തരത്തിലുള്ള ശിഷ്യന്മാർ (7:21–23)
ഡി. രണ്ട് തരം നിർമ്മാതാക്കൾ (7:24–27)

5. ജനക്കൂട്ടം വിസ്മയപ്പെട്ടു (7:28, 29)

ഈ. അദ്ധ്യായം 8 ഉം 9 ഉം: അവന്റെ അത്ഭുത വിശ്വാസ്യത

1. ആദ്യത്തെ അത്ഭുതങ്ങൾ (8:1–17)
   - ഏ. കുഷ്ഠരോഗിയെ സൗഖ്യമാക്കൽ (8:1–4)
   - ബി. ശതാധിപന്റെ ദാസനെ സൗഖ്യമാക്കൽ (8:5–13)
   - സി. പത്രൊസിന്റെ അമ്മായിയമ്മയെ സൗഖ്യമാക്കൽ (8:14, 15)
   - ഡി. യേശുവിന്റെ സൗഖ്യമാക്കലിന്റെ ചുരുക്കം (8:16, 17)
2. ശിഷ്യത്വത്തിന്റെ വില (8:18–22)
3. രണ്ടാമത്തെ ഒരു കൂട്ടം അത്ഭുതങ്ങൾ (8:23–9:8)
   - ഏ. കാറ്റു ശാന്തമാക്കൽ (8:23–27)
   - ബി. രണ്ട് ഭൂതബാധിതരെ സൗഖ്യമാക്കൽ (8:28–34)
   - സി. പക്ഷവാതരോഗിയെ സൗഖ്യമാക്കൽ (9:1–8)
4. ശിഷ്യത്വത്തിനുള്ള ക്ഷണം (9:9–17)
   - ഏ. മത്തായിയെ വിളിക്കുന്നു (9:9)
   - ബി. യേശു പാപികളെ ക്ഷണിക്കുന്നു (9:10–13)
   - സി. ശിഷ്യത്വവും ഉപവാസവും (9:14–17)
5. മൂന്നാമത്തെ കൂട്ടം അത്ഭുതങ്ങൾ (9:18–34)
   - ഏ. രക്തസ്രവമുള്ള സ്ത്രീയെ സൗഖ്യമാക്കുന്നതും യായീറോസിന്റെ മകളെ ഉയർപ്പിക്കുന്നതും (9:18–26)
   - ബി. രണ്ടു കുരുടരെ സൗഖ്യമാക്കൽ (9:27–31)
   - സി. ഭൂതബാധിതനായ, മൂകനെ സൗഖ്യമാക്കൽ (9:32–34)
6. യേശുവിന്റെ പ്രവൃത്തികളുടെ ചുരുക്കം (9:35–38)

എഫ്. അദ്ധ്യായം 10: അവന്റെ സന്ദേശവാഹകരും, അവരുടെ ദൗത്യവും സന്ദേശവും

1. അവൻ പന്ത്രണ്ട് അപ്പൊസ്തലന്മാരെ വിളിക്കുന്നു (10:1–4)
2. അവന്റെ പരിമിത ആജ്ഞ (10:5–15)
3. അവന്റെ മുന്നറിയിപ്പുകൾ (10:16–23)
4. അവന്റെ കൂടുതൽ നിർദ്ദേശങ്ങൾ (10:24–42)

III. രാജാവിന്റെ ശുശ്രൂഷയോടുള്ള പ്രതികരണം (11:1–12:50)

ഏ. അദ്ധ്യായം 11: അവന്റെ പ്രവൃത്തി കണ്ട ആളുകളാൽ

1. യോഹന്നാൻ സ്നാപകനും യേശുവും (11:1–19)
2. മാനസാന്തരപ്പെടാത്ത പട്ടണങ്ങൾ (11:20–24)
3. യേശുവിന്റെ പ്രാർത്ഥനയും അവന്റെ വലിയ ക്ഷണവും (11:25–30)

ബി. അദ്ധ്യായം 12: പരീശന്മാരാൽ

1. ശബ്ബത്ത് ചോദ്യങ്ങൾ (12:1–14)
2. ഒരു ഇടവേള: യേശു പിൻവാങ്ങുന്നു (12:15–21)
3. യേശുവിന്റെ അധികാരത്തെ വെല്ലുവിളിക്കുന്നു (12:22–37)
4. ഒരു അടയാളം ചോദിച്ചു (12:38–45)
5. ഒരു അവസാന വാക്ക്: യേശുവിന്റെ വാസ്തവത്തിലുള്ള രാജത്വം (12:46–50)

IV. രാജാവിന്റെ തുടർശുശ്രൂഷ (13:1–18:35)
  - ഏ. അദ്ധ്യായം 13: രാജ്യത്തിന്റെ ഉപമകൾ
    1. വിതെക്കുന്നവന്റെ ഉപമ (13:1–9)
    2. ഉപമകളുടെ ഉദ്ദേശം (13:10–17)
    3. വിതെക്കുന്നവന്റെ ഉപമ വിശദമാക്കുന്നു (13:18–23)
    4. മൂന്നു ഉപമകൾ (13:24–33)
      - ഏ. കളകൾ (13:24–30)
      - ബി. കടുകുമണി (13:31, 32)
      - സി. മാവ് (13:33)
    5. ഉപമകളുടെ ഉദ്ദേശം (13:34, 35)
    6. കളകളെ വിശദീകരിക്കുന്നു (13:36–43)
    7. മൂന്നു ഉപമകൾ കൂടെ (13:44–50)
      - ഏ. ഒളിച്ചുവെച്ച നിധി (13:44)
      - ബി. വിലയുള്ള മുത്ത് (13:45, 46)
      - സി. വല (13:47–50)
    8. ഒരു ഉപസംഹാര ഉപമ: വീട്ടുടയവൻ (13:51, 52)
    9. നസറേത്തിൽ ത്യജിക്കൽ (13:53–58)[1]
  - ബി. അദ്ധ്യായം 14: യേശുവിന്റെ ശുശ്രൂഷയോട് കൂടുതൽ പ്രതികരണം (ഭാഗം 1)
    1. യോഹന്നാൻ സ്നാപകന്റെ മരണം (14:1–12)
      - ഏ. ഹെരോദാവ് യേശുവിനെ തെറ്റായി വീക്ഷിക്കുന്നു (14:1, 2)
      - ബി. യോഹന്നാന്റെ തടവും മരണവും രേഖപ്പെടുത്തി (14:3–12)
    2. അയ്യായിരം പേരെ പോഷിപ്പിക്കൽ (14:13–21)
      - ഏ. യേശുവിന്റെ പിൻവാങ്ങൽ (14:13, 14)
      - ബി. യേശു പുരുഷാരത്തെ പോഷിപ്പിക്കുന്നു (14:15–21)
    3. വെള്ളത്തിന്മേൽ നടക്കുന്നു (14:22–33)
      - ഏ. യേശു തനിച്ച് പ്രാർത്ഥിക്കുന്നു (14:22, 23)
      - ബി. യേശു വെള്ളത്തിന്മേൽ നടക്കുന്നു (14:24–27)
      - സി. പത്രൊസ് വെള്ളത്തിന്മേൽ നടന്നു യേശുവിന്റെ അടുക്കൽ വരുന്നു (14:28–33)
    4. കൂടുതൽ സുഖപ്പെടുത്തൽ (14:34–36)
  - സി. അദ്ധ്യായം 15: യേശുവിന്റെ ശുശ്രൂഷയോട് കൂടുതൽ പ്രതികരിക്കൽ (ഭാഗം 2)
    1. പരീശന്മാരുമായുള്ള എതിർപ്പ് (15:1–20)
      - ഏ. മാനുഷിക സമ്പ്രദായങ്ങൾ ദൈവനിയമത്തിന് എതിര് (15:1–9)
      - ബി. വാസ്തവത്തിലുള്ള അശുദ്ധി (15:10–20)
    2. കനാന്യ സ്ത്രീയുടെ വിശ്വാസം (15:21–28)
    3. ജാതികൾ സ്വീകരിക്കുന്നു (15:29–39)
      - ഏ. യേശു പുരുഷാരത്തെ സൗഖ്യമാക്കി (15:29–31)
      - ബി. യേശു നാലായിരം പേരെ പോഷിപ്പിച്ചു (15:32–39)

ഡി. അദ്ധ്യായം 16: യേശുവിന്റെ ശുശ്രൂഷയോടു കൂടുതൽ പ്രതികരണം (ഭാഗം 3)
1. ആളുകൾ ഒരു അടയാളം ആഗ്രഹിക്കുന്നു (16:1–4)
2. ശിഷ്യൻമാർക്കുള്ള യേശുവിന്റെ മുന്നറിയിപ്പ് (16:5–12)
3. നല്ല ഏറ്റു പറച്ചലും, തന്റെ സഭയെ പണിയുമെന്ന് യേശു പറയുന്നതും (16:13–20)
4. ക്രൂശിനെ സമീപിക്കുന്നതും, ആദ്യമായി തന്റെ മരണത്തെ മുന്നറിയിക്കുന്നതും (16:21–23)
5. ശിഷ്യത്വത്തിന്റെ വില യേശു പ്രഖ്യാപിക്കുന്നു (16:24–27)
6. ചിലർ രാജ്യം വരുന്നതു കാണുമെന്ന് യേശു പറഞ്ഞു (16:28)

ഈ. അദ്ധ്യായം 17: യേശുവിന്റെ ശുശ്രൂഷയോട് കൂടുതൽ പ്രതികരണം (ഭാഗം 4)
1. മറുരൂപപ്പെടൽ (17:1–13)
   - ഏ. മലയിൽ വെച്ചുള്ള യേശുവിന്റെ തേജസ്ക്കരണം (17:1–8)
   - ബി. ശിഷ്യന്മാർ യേശുവിനെ കുറിച്ചു ചോദിക്കുന്നു (17:9–13)
2. ഭൂതബാധിതനായ മകനെ സൗഖ്യമാക്കൽ (17:14–21)
   - ഏ. യേശു ബാലനെ സൗഖ്യമാക്കുന്നു (17:14–18)
   - ബി. ശിഷ്യന്മാരുടെ പരാജയത്തെ യേശു വിവരിക്കുന്നു (17:19–21)
3. തന്റെ വരുവാനുള്ള മരണത്തെ യേശു രണ്ടാമതും അറിയിച്ചു (17:22, 23)
4. കരം കൊടുക്കൽ (17:24–27)

എഫ്. അദ്ധ്യായം 18: രാജ്യത്തിലെ ബന്ധങ്ങൾ
1. രാജ്യത്തിന്റെ മാഹാത്മ്യം (18:1–4)
2. ഇടർച്ച വരുത്തുന്നതിനെതിരായ മുന്നറിയിപ്പ് (18:5–9)
3. നഷ്ടപ്പെട്ട ആടിന്റെ ഉപമ (18:10–14)
4. തർക്കങ്ങൾ പരിഹരിക്കൽ (18:15–20)
5. കരുണയില്ലാത്ത ദാസന്റെ ഉപമ (18:21–35)

V. രാജാവിന്റെ ക്രൂശിലേക്കുള്ള യാത്ര (19:1–25:46)

എ. അദ്ധ്യായം 19: യെഹൂദ്യ, പെറിയ എന്നിവിടങ്ങളിലെ യേശുവിന്റെ ശുശ്രൂഷ (ഭാഗം 1)
1. ഉപേക്ഷണത്തെ കുറിച്ചു ചോദിക്കുന്നു (19:1–12)
   - ഏ. യേശു പെറിയയിലേക്ക് യാത്ര ചെയ്യുന്നു (19:1, 2)
   - ബി. പരീശന്മാരുടെ ചോദ്യം (19:3–9)
   - സി. ശിഷ്യന്മാരുടെ പ്രതികരണം (19:10–12)
2. ശിശുക്കളെ അനുഗ്രഹിക്കുന്നു (19:13–15)
3. സമ്പത്തിനെ കുറിച്ചും ശിഷ്യത്വത്തെ കുറിച്ചുമുള്ള ഉപദേശം (19:16–30)
   - ഏ. ധനികയുവാവിന്റെ ചോദ്യം (19:16–22)
   - ബി. യേശുവിന്റെ വിലയിരുത്തൽ (19:23–26)

സി. അപ്പൊസ്തലന്റെ ത്യാഗം (19:27–30)

ബി. അദ്ധ്യായം 20: യഹൂദ്യയിലും പെറിയയിലുമുള്ള യേശുവിന്റെ ശു ശ്രൂഷ (ഭാഗം 2)

1. തോട്ടത്തിലെ വേലക്കാരുടെ ഉപമ (20:1–16)
2. വരുവാനുള്ള തന്റെ മരണത്തെ കുറിച്ച് യേശു മൂന്നാമതും മുന്നറിയിച്ചു (20:17–19)
3. രാജ്യത്തിന്റെ മാഹാത്മ്യം (20:20–28)
4. രണ്ട് കുരുടന്മാർക്ക് കാഴ്ച്ച പുനഃസ്ഥാപിച്ചു (20:29–34)

സി. അദ്ധ്യായം 21: യേശു യെരുശലേമിൽ: വൈപരീത്യം

1. വിജയകരമായ പ്രവേശനം (21:1–11)
   ഏ. തയ്യാറെടുപ്പ് (21:1–7)
   ബി. സ്വാഗതം (21:8–11)
2. ദൈവാലയ ശുദ്ധീകരണം (21:12, 13)
3. യെരുശലേമിലെ അവസാന സുഖപ്പെടുത്തൽ (21:14–17)
4. അത്തിവൃക്ഷത്തെ ശപിക്കുന്നു (21:18–22)
5. യേശുവിന്റെ അധികാരത്തെ വെല്ലുവിളിച്ചു (21:23–27)
6. ഒരു കൂട്ടം ഉപമകൾ (21:28–46)
   ഏ. രണ്ട് പുത്രന്മാരുടെ ഉപമകൾ (21:28–32)
   ബി. തോട്ടത്തിന്റേയും ഉടയവന്റേയും ഉപമ (21:33–46)

ഡി. അദ്ധ്യായം 22: യേശു യെരുശലേമിൽ: അവനെ എതിർത്തവർ

1. രാജാവിന്റെ മകന്റെ കല്ല്യാണം അടക്കം ഒരു കൂട്ടം ഉപമകൾ (22:1–14)
2. ശത്രുക്കളോടുള്ള യേശുവിന്റെ ഉത്തരങ്ങൾ (22:15–46)
   ഏ. കരം കൊടുക്കുന്നതിനെ കുറിച്ചു ചോദിക്കുന്നു (22:15–22)
   ബി. പുനരുത്ഥാനത്തെ കുറിച്ചുള്ള ചോദ്യം (22:23–33)
   സി. ഏറ്റവും വലിയ കൽപന ഏതെന്നു ചോദിക്കുന്നു (22:34–40)
   ഡി. മശിഹയെ കുറിച്ചുള്ള ചോദ്യം (22:41–46)

ഈ. അദ്ധ്യായം 23: യേശു യെരുശലേമിൽ: അദ്ധ്യക്ഷന്മാർക്ക് ഏഴ് ഹാ കഷ്ടം

1. അവൻ അദ്ധ്യക്ഷന്മാരെ മുന്നറിയിക്കുന്നു (23:1–12)
2. അവന്റെ ഏഴ് ഹാ കഷ്ടങ്ങൾ (23:13–36)
3. യെരുശലേമിനെ കുറിച്ചുള്ള അവന്റെ വിലാപം (23:37–39)

എഫ്. അദ്ധ്യായം 24: യേശു യെരുശലേമിൽ: അതിന്റെ നാശത്തെ കുറിച്ചുള്ള അവന്റെ ഉപദേശവും രണ്ടാം വരവും

1. യെരുശലേമിന്റെ നാശത്തെ കുറിച്ചുള്ള അവന്റെ മുന്നറിയിപ്പ് (24:1, 2)
2. ശിഷ്യന്മാരുടെ ചോദ്യങ്ങൾ (24:3)
3. യെരുശലേം നാശത്തിനുമുൻപുള്ള സാഹചര്യം (24:4–14)
   ഏ. “ആരും തെറ്റിക്കരുത്” (24:4–8)
   ബി. “നിങ്ങൾക്ക് വരുവാനിരിക്കുന്ന പല പരീക്ഷണങ്ങളെയും സൂക്ഷിച്ചുകൊൾക” (24:9–14)

4. യേരുശലേം നാശം (24:15–35)
    - ഏ. "ശൂന്യമാക്കുന്ന മ്ലേഛത കാണുമ്പോൾ ഓടി ക്കൊൾക" (24:15–22)
    - ബി. "കള്ളക്രിസ്തുക്കളെ വിശ്വസിക്കരുത്" (24:23–28)
    - സി. "മനുഷ്യപുത്രന്റെ അടയാളം പ്രത്യക്ഷമാകും" (24:29–31)
    - ഡി. "ഈ തലമുറയിൽ തന്നെ യെരുശലേം നശിപ്പിക്കും" (24:32–35)
5. രാണ്ടാം വരവ് (24:36–51)
    - ഏ. "സമയം ആർക്കും അറിയില്ല" (24:36–41)
    - ബി. "തയ്യാറായിരിക്കുക" (24:42–51)

ജി. അദ്ധ്യായം 25: യേശു യെരുശലേമിൽ: അവസാനത്തെകുറി ച്ചുള്ള അവന്റെ ഉപമകൾ
1. പത്തു കന്യകമാരുടെ ഉപമ (25:1–13)
2. താലന്തുകളുടെ ഉപമ (25:14–30)
3. ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും തമ്മിൽ വേർ തിരിക്കുന്ന ഉപമ (25:31–46)

VI. രാജാവിന്റെ തടവും, വിചാരണയും, ക്രൂശിക്കലും (26:1–27:66)

ഏ. അദ്ധ്യായം 26: യേശുവിന്റെ തടവും, യഹൂദ വിചാരണയും
1. യേശുവിനെ കൊല്ലുവാനുള്ള ഗൂഢാലോചന (26:1–5)
2. യേശുവിനെ അഭിഷേകം ചെയ്യുന്നു (26:6–13)
3. യേശുവിനെ ഒറ്റിക്കൊടുക്കുവാൻ യൂദാ സമ്മതിക്കുന്നു (26:14–16)
4. പെസഹ (26:17–29)
    - ഏ. ഒരുക്കം (26:17–19)
    - ബി. ഒറ്റിക്കൊടുക്കുന്നവനെ മുന്നറിയിക്കുന്നു (26:20–25)
    - സി. കർത്തൃമേശ സ്ഥാപനം (26:26–29)
5. ഒലിവു മലയിൽ (26:30–46)
    - ഏ. അപ്പൊസ്തലന്റെ തള്ളിപ്പറയൽ മുന്നറിയിച്ചു (26:30–35)
    - ബി. നിരാശാസമയം (26:36–38)
    - സി. പ്രാർത്ഥനാസമയം (26:39–46)
6. യേശുവിന്റെ തടവ് (26:47–56)
    - ഏ. യൂദാ ചുംബനത്താൽ ഒറ്റിക്കൊടുക്കുന്നു (26:47–50)
    - ബി. പത്രൊസ് എതിർക്കുവാൻ വാളെടുക്കുന്നു (26:51–54)
    - സി. യേശു പുരുഷാരത്തെ ശാസിക്കുന്നു (26:55, 56)
7. യെഹൂദ വിചാരണ (26:57–68)
8. പത്രൊസ് തള്ളിപ്പറയുന്നു (26:69–75)

ബി. അദ്ധ്യായം 27: യേശുവിനെ റോമൻ വിചാരണ നടത്തുകയും ക്രൂശിക്കയും ചെയ്യുന്നു
1. ന്യായാധിപസഭ ശിക്ഷ വിധിക്കുന്നു (27:1, 2)
2. യൂദയുടെ മനസാക്ഷിക്കുത്തും മരണവും (27:3–10)

3. റോമൻ വിചാരണ, ഭാഗം 1 (27:11–14)
4. റോമൻ വിചാരണ, ഭാഗം 2 (27:15–31)
   ഏ. പിലാത്തൊസ് നിർദ്ദേശിച്ച പരിഹാരം (27:15–18)
   ബി. പുരുഷാരത്തിന്റെ ഉറച്ച നിലവിളി (27:19–23)
   സി. പിലാത്തൊസ് ജനത്തോട് പറ്റിച്ചേരുന്നു (27:24–26)
   ഡി. പടയാളികളുടെ പരിഹാസം (27:27–31)
5. ക്രിസ്തുവിനെ ക്രൂശിക്കുന്നു (27:32–56)
   ഏ. ക്രൂശിലേക്കുള്ള യാത്ര (27:32)
   ബി. സ്ഥാനം (27:33, 34)
   സി. ക്രൂശിച്ച രീതി (27:35–37)
   ഡി. അവനോടുകൂടെ ക്രൂശിച്ചവരും കൂടുതൽ പരിഹാസവും (27:38–44)
   ഈ. ക്രൂശിച്ചതിനുശേഷം സന്നിഹിതരായവർക്കുള്ള അടയാളം (27:45–54)
   എഫ്. സ്ത്രീകൾ ദൂരെ നോക്കിക്കൊണ്ടിരുന്നു (27:55, 56)
6. ക്രിസ്തുവിന്റെ ശരീരം അടക്കുന്നു (27:57–61)
7. പിലാത്തൊസിന്റെ പ്രതിരോധ ക്രമീകരണം (27:62–66)

VII. രാജാവിന്റെ ഉയർത്തെഴുന്നേൽപും ആജ്ഞയും (28:1–20)
  ഏ. അദ്ധ്യായം 28: യേശുവിന്റെ ഉയർത്തെഴുന്നേൽപ് (28:1–15)
    1. ശൂന്യമായ കല്ലറ (28:1–7)
    2. വിസ്മയിക്കപ്പെട്ട സാക്ഷികൾ (28:8–10)
    3. വ്യാജ വിവരം (28:11–15)
  ബി. അദ്ധ്യായം 28 (തുടരുന്നു): മഹത്തായ ആജ്ഞ (28:16–20)

---

കുറിപ്പ്

[1]അദ്ധ്യായം 13 ന്റെ ബാഹ്യരൂപരേഖ എടുത്തിരിക്കുന്നത് ആർ.ടി. ഫ്രാൻസ്, *ദ ഗോസ്പെൽ എക്കോർഡിങ് ടു മാത്യു*, ദ ടിൻഡെയിൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1985), 65.